പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1581 **01-07-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ സർക്കാർ നഴ്സിംഗ് കോളേജിന് ബസ് വാങ്ങൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) 2023-24-ലെ എം. എൽ. എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ സർക്കാർ നഴ്സിംഗ് കോളേജിന് ബസ് വാങ്ങൽ എന്ന പ്രൊപ്പോസലിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

മറുപടി: 2023-24 വർഷത്തെ LAC-ADS പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ സർക്കാർ നഴ്സിംഗ് കോളേജിന് ബസ് വാങ്ങുന്നതിനായി അനുവദിച്ച തുകയായ 24,50,000/- രൂപ 4210-02-800-93-02 projects under LAC ADS (NP) എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് allocate ചെയ്യുന്നതിന് 21/05/2026 തീയതിയിലെ സർക്കാർ കത്ത് നം. കെ3/423/2025/ആ.കു.വ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബസ് എന്നത്തേക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ